# നഗരത്തിന്റെ വാനൊലികൾ

ബിജു. എസ്. ബാലൻ

2002 ജൂലൈ 23 ന് ആകാശവാണിക്ക് 75 വയസ്സ് തികഞ്ഞു. സിനിമയിൽ നിന്നും ടി.വിക്കാരെയും ടി.വി. യിൽ നിന്നും സിനിമക്കാരെയും മാറ്റണമെന്ന വിവാദങ്ങൾക്കുള്ളിൽപ്പെടാതെ കൃത്യമായ തരംഗദൈർഘ്യത്തിൽ കേൾവിക്കാരോട് പ്രതികരിക്കുന്ന റേഡിയെ എന്ന കൊച്ചുപകരണത്തെപ്പറ്റി ആർക്കും വേവലാതിയില്ലാത്തത് അറിവില്ലായ്മ കൊണ്ടാണ്. 'ബാബ' എന്ന രജനീകാന്ത് ചിത്രം പ്രത്യക്ഷപ്പെട്ടാൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് ടി.വി ചാനലുകൾ തലകുത്തിനിന്ന് ആലോചിക്കാൻ തുടങ്ങുമ്പോഴും ചെന്നൈ വാനൊലി നിലയം എന്ന ചെന്നൈ ആകാശവാണിയിൽ നീങ്കൾ കേട്ട പാടൽകൾ (നിങ്ങളാവശ്യപ്പെട്ട ഗാനങ്ങൾ) യാതൊരു ടെൻഷനുമില്ലാതെ ഒഴുകുന്നു. ചെന്നൈ മഹാനഗരത്തിൽ റേഡിയോക്കെന്തു സ്ഥാനം എന്നു തോന്നുന്നുണ്ടോ?

മാർക്കോണി കമ്പനി 1922ൽ ആകാശത്ത് റേഡിയോ തരംഗങ്ങൾ പ്രക്ഷേപണം ചെയ്ത് രണ്ട് വർഷത്തിനുള്ളിൽ എം.പി.ആർ.സി അഥവാ മദ്രാസ് പ്രെസിഡൻസി റേഡിയോ ക്ലബ് എന്ന ക്ലബ് ഉണ്ടാക്കിയ നഗരത്തിനോടാണ് ചോദ്യം എന്ന് ഓർമ്മ വേണം. (ഇതും കഴിഞ്ഞ് 1927 ലാണ് ലോർഡ് ഇർവിംഗ് ജൂലൈ 23ന് ബോംബെയിലെ ആദ്യ റേഡിയോ നിലയം ഉദ്ഘാടനം ചെയ്തത്.) 1927 ഒക്ടോബറിൽ മദ്രാസ് കോർപ്പറേഷൻ ഏറ്റെടുത്ത ചെന്നൈ വാനൊലി നിലയം എങ്ങിനെ നിലനിന്നു പോകുന്നു? വീട്ടിൽ ടി.വി വന്നാൽ ആദ്യം വലിച്ചെറിയുന്നത് റേഡിയോ ആയതു കൊണ്ട് ചോദ്യം സ്വാഭാവികമാണ്. ഉത്തരം കിട്ടണമെങ്കിൽ ചെന്നൈ നഗരത്തിലൂടെ, നഗരത്തിന്റെ ഊടുവഴികളിലൂടെ, ഫുട്പാത്ത് കച്ചവടക്കാർക്കരികിലൂടെ, പലചരക്ക് കടകൾക്കടുത്തുകൂടെ, ടി.വി കളില്ലാത്ത മാൻഷനുകൾക്കുള്ളിലൂടെ നടക്കണം. അഞ്ചിലധികം ബാൻഡിലൂടെ ചെന്നൈ വാനൊലി നിലയം ചെന്നൈ നഗരത്തിന്റെ മീതെ തരംഗങ്ങൾ പറത്തി വിടുന്നു. വിവിധ് ഭാരതിയിലെ ഹിന്ദി ഗാനങ്ങൾ കൊച്ചു പോക്കറ്റ് റേഡിയെ ചെവിയോടടുപ്പിച്ച് കേട്ടിരിക്കുന്ന ഉത്തരേന്ത്യൻ വാച്ച് മാൻമാരെ ഫ്ലാറ്റുകളുടെ ഗേറ്റിൽ കാണാം.

ചെന്നൈ നഗരമെന്നാൽ ഐ.ടിയാണെന്നും കമ്പ്യൂട്ടറാണ് മിനിമം ജീവിതോപകരണമെന്നൊക്കെയുള്ള മിഥ്യധാരണകൾ മാറും, എപ്പോഴുമെന്നതുപോലെ വസ്തുതകൾക്കും കണക്കുകൾക്കും മുന്നിൽ. ഒരു മാസത്തിൽ പതിനയ്യായിരത്തോളം കത്തുകൾ ലഭിക്കാറുള്ള വാനൊലി നിലയത്തിനെപ്പറ്റി ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സി.കെ. കുമാർ പറഞ്ഞത് മേയ് മാസത്തിൽ 13,000 കത്തുകളേ ലഭിച്ചുള്ളൂവെന്ന്! ശ്രോതാക്കളിൽ പത്ത് ശതമാനം മാത്രമേ കത്തെഴുതുവെന്ന് വെറൊരു പഠനറിപ്പോർട്ടും! ചുരുക്കത്തിൽ അറുപത് ലക്ഷത്തോളം വരുന്ന ചെന്നൈ നിവാസികളിൽ പതിനഞ്ച് ലക്ഷത്തിനടുത്ത് ചെന്നൈ വാനൊലി നിലയത്തിന്റെ സുഹൃത്തുക്കളാണ്. ഇല്ലാതിരിക്കുന്നതെങ്ങനെ? ദിവസത്തിൽ എട്ട് മണിക്കൂറും ഇന്റർ ആക്ടീവ് പരിപാടി എന്ന ഫോൺ വഴിയുള്ള തത്സമയസംപ്രേഷണങ്ങളാണ്. തെൻ ഇസൈ, തിരൈ തെൻറൽ, വണ്ണക്കുമ്പിയം, നീങ്കൾ കേട്ടവൈ, മ്യൂസിക് ടൈം തുടങ്ങി എല്ലാം സിനിമാപ്പാട്ടുകൾ തന്നെ. ജയലളിതയുടെ ആദ്യ സിനിമകൾ തൊട്ട് രജനീകാന്തിന്റെ അവസാന സിനിമ വരെയുള്ളവയിൽ നിന്നുള്ള പാട്ടുകൾ.

ഇതൊന്നും നഷ്ടത്തിലല്ല ഓടുന്നത്. പരസ്യത്തിൽ നിന്നു മാത്രമുള്ള വാർഷികവരുമാനം രണ്ടു കോടിയാണ്. കഴിഞ്ഞ വർഷമാകട്ടെ (2001ൽ) ഉദ്ദേശിച്ചതിൽ കൂടുതൽ പരസ്യവരുമാനം ലഭിക്കുകയും ചെയ്തു. ആരൊക്കെയാണ് ബഹുമാന്യരായ പരസ്യദാതാക്കൾ എന്നറിയണ്ടേ? ബി.ബി.സി, എച്ച്.ബി.ഒ, സോണി, ടെൻ സ്പോർട്സ് തുടങ്ങിയ ടി.വി ചാനലുകൾ! സ്റ്റാർ വിജയും, കെ.ടി.വി.യും (K.T.V) തുടങ്ങുന്നതിന് ഒരു മാസം മുമ്പ് മുതൽ ചെന്നൈ വാനൊലി നിലയത്തിൽ പരസ്യം ചെയ്തുതുടങ്ങി.

## ചെന്നൈ വിശേഷം

ഒരർത്ഥത്തിൽ റേഡിയോ ഒഴിച്ചുള്ള എല്ലാ ഇലക്ട്രോണിക് മാധ്യമങ്ങളും വ്യാജന്മാരാണ്. പത്തു ശതമാനത്തിനും അമ്പതു ശതമാനത്തിനുമൊക്കെ താഴെ മാത്രം ആൾക്കാർ കളിക്കുന്ന ഇന്റർനെറ്റ്, ടി.വി എന്നീ മാധ്യമങ്ങളെക്കുറിച്ചാണ് അച്ചടിമാധ്യമങ്ങളുടെ പോലും വേവലാതി. ഒരേ വേവ് ലങ്ത്തിൽ സംസാരിക്കുക എന്ന് പറയാറില്ലേ? ഇന്ത്യൻ ജനതയുമായി ഒരേ തരംഗദൈർഘ്യത്തിൽ സംസാരിക്കുന്ന റേഡിയോ പോലെ മറ്റേത് മാധ്യമങ്ങളുണ്ട്? ചെന്നൈ വാനൊലി നിലയത്തിലേക്ക് വരുന്ന കത്തുകൾ ടി.നഗർ ഫ്ലാറ്റുകളിൽ നിന്നല്ല. കപ്പങ്ങൾ എന്ന മീൻപിടുത്തക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്നും അറിയാത്ത തെരുവുകളിൽ നിന്നുമാണ്. ടി.വി ചാനലുകളും ദിനപ്പത്രങ്ങളും വരെ പോസ്റ്റർ, ഹോർഡിംഗ് മുതലായവ ഉപയോഗിച്ച് പരസ്യം ചെയ്യുന്ന ചെന്നൈയിൽ, ചെന്നൈ വാനൊലി നിലയത്തിന്റെ ഒരൊറ്റ പരസ്യം പോലും കാണാൻ പറ്റിയെന്നു വരില്ല. കാരണം ഒരു പരസ്യതന്ത്രവും ആവശ്യമില്ലാത്ത സ്നേഹത്തിന്റെ ഭാഷയിലാണ് ചെന്നൈ വാനൊലി നിലയത്തിന്റെ ശ്രോതാക്കൾ ആശയവിനിമയം നടത്തുന്നത്.

വഴിയോരങ്ങളിൽ നിന്നും കടിലുകളിൽ നിന്നും ഉയരുന്ന സംഗീതം തിരിച്ചറിയുമ്പോൾ ഒരു കാര്യം മനസ്സിലാവുന്നു. ചെന്നൈ നഗരത്തിനെ, ജനതയെ പ്രതിനിധീകരിച്ച് 'വണക്കം' ചൊല്ലാൻ യോഗ്യതയുള്ള ഒരൊറ്റ മാധ്യമമേ തത്കാലം ഉള്ളൂ. 75 വർഷം പിന്നിടുന്ന ചെന്നൈ വാനൊലി നിലയം.